**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 18** **05-12-2022 - ൽ മറുപടിയ്ക്ക്**

**സെക്രട്ടറിയേറ്റിൽ എ.സി. സ്ഥാപിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ മന്ത്രിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും ഓഫീസുകളിലേക്കും സെക്രട്ടറിയേറ്റിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെ ഓഫീസുകളിലേക്കും എ.സി. വാങ്ങുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ മന്ത്രിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും ഓഫീസുകളിലേക്കും സെക്രട്ടറിയേറ്റിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെ ഓഫീസുകളിലേക്കും എ.സി. വാങ്ങിയതിനായി യഥാക്രമം Rs.**18,33,265/-** (പതിനെട്ട് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഇരുന്നൂറ്റി അറുപത്തഞ്ച് മാത്രം) രൂപയും, Rs.**1,24,013/-** (ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തി പതിമൂന്ന് മാത്രം) രൂപയും, Rs.**1,73,933/-** (ഒരു ലക്ഷത്തി എഴുപത്തിമൂവായിരത്തി തൊള്ളായിരത്തി മുപ്പത്തിമൂന്ന് മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പ്രകാരം സ്ഥാപിച്ച എ.സി.കൾ ഒരു വർഷത്തിനുള്ളിൽ കേടുപാട് സംഭവിച്ച് പ്രവർത്തനക്ഷമമല്ലാതായിട്ടുണ്ടോ; എങ്കിൽ എത്ര എ.സി.കൾക്ക് ഇപ്രകാരം കേടുപാട് സംഭവിച്ചിട്ടുണ്ട്; ഇത്തരം എ.സി.കൾ മാറ്റി പുതിയത് സ്ഥാപിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഓഫീസുകളിലാണ് ഇപ്രകാരം മാറ്റി സ്ഥാപിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച എയർകണ്ടീഷണറുകൾ ഒന്നും തന്നെ ഒരു വർഷത്തിനുള്ളിൽ പ്രവർത്തനക്ഷമമല്ലാതായിട്ടില്ല. |
| (സി) | സെക്രട്ടറിയേറ്റിൽ എ.സി. സ്ഥാപിക്കുന്നതിനായി കരാർ നൽകിയിട്ടുള്ളത് ഏത് സ്ഥാപനത്തിനാണ്; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ എയർകണ്ടീഷണറുകൾ സ്ഥാപിക്കുന്നതിന് ഏതെങ്കിലും പ്രത്യേക സ്ഥാപനത്തിന് കരാർ നൽകിയിട്ടില്ല. എയർകണ്ടീഷണർ സ്ഥാപിക്കുന്ന ഓരോ പ്രവർത്തിയും പൊതുമരാമത്ത് വകുപ്പ് വഴി ഇ-ടെണ്ടർ ചെയ്ത് അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന സ്ഥാപനത്തിനാണ് കരാർ നൽകുന്നത്. |

സെക്ഷൻ ഓഫീസർ